## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾ

42 (3765) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന കരിയർ ഗൈഡൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; പദ്ധതി നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ ഭാവി വിദ്യാഭ്യാസ പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ടി പദ്ധതിയുടെ നടത്തിപ്പിൽ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചിട്ടുള്ളതായി ആഡിറ്റ് പരാമർശവും പത്രവാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം തരാമോ ;

(സി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റേയും മേഖലാ ഓഫീസുകളുടേയും പ്രവർത്തനം താളം തെറ്റിക്കും വിധം ജീവനക്കാരുടെ ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ; ജീവനക്കാരെ സർക്കാർ തീരുമാനപ്രകാരം വിടുതൽ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; സർക്കാർ ഉത്തരവിന് വിരുദ്ധമായി വകുപ്പിൽ സാധാരണ ഡെപ്യൂട്ടേഷനിൽ തുടരുന്നവരുണ്ടോ;

(ഡി) ഹയർ സെക്കണ്ടറി വകുപ്പിൽ സ്പെഷ്യൽ റൂൾസ്, സംയോജിത സീനിയോറിറ്റി ലിസ്റ്റ് എന്നിവ തയ്യാറാക്കണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേക്ക് നിശ്ചിത ശതമാനം തസ്തികകൾ നീക്കിവച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് അവബോധം വളർത്തുന്നതിനായി കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെൽ പ്രവർത്തിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 1070 സ്കൂളുകളിൽ കരിയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(2) കരിയർ മേഖലയെക്കുറിച്ച് അവബോധം നൽകുന്നതിനായി ഓരോ സ്കൂളുകളിലും വ്യത്യസ്ത മേഖലയിൽ പരിശീലനങ്ങൾ നടത്തിവരുന്നു. ഓരോ കുട്ടിയും പഠിക്കുന്ന വിഷയത്തിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസ്സുകൾ സ്കൂളിൽ സംഘടിപ്പിക്കുന്നു.

(3) എല്ലാ വർഷവും തെരഞ്ഞെടുത്ത വിഷയങ്ങളിൽ മികച്ച കേന്ദ്രങ്ങളുമായി സഹകരിച്ച് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി നടത്താറുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയുമായി സഹകരിച്ച് പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് നാല് ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചു. പ്ലസ് ടു തലം മുതൽ ചിട്ടയോടുകൂടി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ലക്ഷ്യബോധത്തോടെ തയ്യാറെടുക്കുന്നതിന് ഇത്തരം പരിപാടികൾ കുട്ടികൾക്ക് സഹായകരമായിട്ടുണ്ട്.

(4) പ്ലസ് ടു പഠനത്തിനുശേഷം തുടർ പഠന സാധ്യതകളേയും തൊഴിൽ മേഖലകളേയും പരിചയപ്പെടുത്തുന്നതിന് "ആഫ്റ്റർ പ്ലസ് ടു" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സോഫ്റ്റ് കോപ്പി ഹയർ സെക്കണ്ടറി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം കൈപ്പുസ്തകം പ്രിന്റ് ചെയ്ത് എല്ലാ സ്കൂളുകളിലും സൗജന്യമായി ഒരു കോപ്പി റെഫറൻസ് പുസ്തകമായി നൽകുന്നതാണ്.

(5) ഹയർ സെക്കണ്ടറി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഏത് മേഖലയിലാണ് തന്റെ അഭിരുചി എന്ന് തിരിച്ചറിയുന്നതിനായി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുന്നു. ഈ വർഷം തെരഞ്ഞെടുത്ത സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ അഭിരുചി പരീക്ഷ നടപ്പിലാക്കുന്നു. അടുത്ത വർഷം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗജന്യമായി തന്റെ അഭിരുചി നിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാണ്. ഭാരതത്തിൽ തന്നെ ആദ്യമായിട്ടാണ് സർക്കാർതലത്തിൽ എല്ലാ വിദ്യാർത്ഥികളുടേയും അഭിരുചി സൗജന്യമായി നിർണ്ണയിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്.

(6) പരീക്ഷാക്കാലത്ത് കുട്ടികളുടെ പരീക്ഷാ സമ്മർദ്ദം കുറയ്ക്കുന്നതിന് വിദഗ്ദ്ധരായ കൗൺസിലർമാർ അടങ്ങുന്ന "വീ ഹെൽപ്പ്" എന്ന പേരിൽ ഹെൽപ്പ് ഡെസ്ക് ഒരുക്കിയിട്ടുണ്ട്. പരീക്ഷാ സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികൾക്ക് ഹെൽപ്പ്ഡെസ്കിൽ ഒരുക്കിയിരിക്കുന്ന ടോൾഫ്രീ ഫോണിൽകൂടി കൗൺസിലിംഗ് സഹായം ലഭിക്കുന്നതാണ്.

(7) ഹയർ സെക്കണ്ടറി ഒന്നാം വർഷം പ്രവേശനത്തിനായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സുകളെക്കുറിച്ചും വിഷയ കോമ്പിനേഷനെക്കുറിച്ചും അവയുടെ പഠനസാദ്ധ്യതയെക്കുറിച്ചും മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി "ഫോക്കസ് പോയിന്റ്" എന്ന പേരിൽ ഹെൽപ്പ്ഡസ്ക് എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഒരുക്കിയിരുന്നു. ഈ കേന്ദ്രങ്ങളിൽക്കൂടി ഓൺലൈൻ അപേക്ഷ ചെയ്യുന്നതിനെക്കുറിച്ചുള്ള സംശയനിവാരണവും കുട്ടികൾക്ക് ലഭിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ജി.-യിൽ നിന്നുമുള്ള ഓഡിറ്റ് ടീം 2014-15 കാലയളവിലെ സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുകയും കരിയർ ഗൈഡൻസ് വിംഗിന്റെ കീഴിൽ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി അനുവദിച്ച അഡ്വാൻസ് തുകകൾ സെറ്റിൽ ചെയ്യുന്നതിൽ വലിയ കാലതാമസം വരുന്നതായും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇത്തരം കാലതാമസം ഗവൺമെന്റ് നിർദ്ദേശങ്ങളുടെ ലംഘനം ആണെന്നും, ആയതിനാൽ അഡ്വാൻസ് ആയി വാങ്ങിയ തുക 3,01,816 സെറ്റിൽ ചെയ്യാത്തതിന് പിഴപ്പലിശയിനത്തിൽ 2.42 ലക്ഷം രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി ആ വസ്തുത റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തടസ്സവാദങ്ങൾ ഒഴിവാക്കിക്കിട്ടുന്നതിന് ബന്ധപ്പെട്ട രേഖകൾ സഹിതം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ എ.ജി.-ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർ സെക്കണ്ടറി വകുപ്പിൽ സേവനമനുഷ്ഠിച്ചുവന്ന ജീവനക്കാരുടെ റഗുലറൈസേഷൻ നടപടിക്രമങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് വകുപ്പിൽ റഗുലറൈസ് ചെയ്യാൻ താത്പര്യമില്ലാത്ത ജീവനക്കാരെ 31-5-2015-നകം മാതൃസ്ഥാപനത്തിലേക്ക് റിവർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായ 27-4-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)96/2015/പൊ.വി.വ. പ്രകാരം 33 പേരെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽനിന്നും മാതൃവകുപ്പുകളിലേക്ക് മടക്കി അയച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ആരും ഡെപ്യൂട്ടേഷനിൽ തുടരുന്നില്ല.

(ഡി) പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly